
Lourde Voice
2024
Happy New Year
LOURDES FORANE CHURCH
PEACE BE WITH YOU
HAPPY
Pongal
Wishing You All A Very Happy Pongal
LOURDES FORANE CHURCH
GANDHIPURAM, COIMBATORE
www.lourdesforane.com


35
YEARS OF TRUST
Modern Grinder Supplier for Modern World
Commercial Coconut Scrapper
Coventional Tilting Grinder
Vegetable Cutter
Commercial Wet Grinder
Avalable in 3 to 20 Liters
Table Top Wet Grinder
Commercial Tilting Grinder
Avalable in 5 to 25 Liters
Commercial Atta Kneader
BEETEX®
INDUSTRIES
BI
808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 1 | ജനുവരി – ഫെബ്രുവരി 2024 | ലക്കം 10

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

EDITOR
Fr. Shajan Cheeramban
Ph: 8015371008

SUB EDITOR CUM TRESURER
Fr. Joseph Ariyappallil MCBS
Ph: 9446926203

CONVENOR
Mr. Joffy Jose

SECRETARY
Mrs. Ajimol Antony

EDITORIAL BOARD
Sr. Mercita FCC
Mrs. Deepa Biju
Mrs. Tina Felix
Mrs. Fenila Joju

LOURDE VOICE PRO
Mr. C G Antony

KAIKKARS
Mr. P.V Francis
Mr. C.F Poulson
Mr. Hinson P.K

എഡിറ്റോറിയൽ

ഇടയമൊഴി

Hopeful Steps into 2024

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ


ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാവാർത്തകൾ

Catechism News

Kids Corner

Faith Sparks





Mrs. Fenila Joju

# EDITORIAL

# ഒരു നല്ല നാളേക്കായി...

പുത്തൻ ഉണർവും പുതുപ്രതീക്ഷയുമായി പുതുവർഷത്തെ നമുക്ക് വരവേൽക്കാം. നിമിഷങ്ങളും ദിവസങ്ങളും വത്സരങ്ങളും തലമുറകളും നമ്മുടെ മുന്നിലൂടെ കടന്നുപോകുന്നു. ദൈവം ഓരോ പുതുവർഷവും സമ്മാനിക്കുമ്പോൾ ആഗ്രഹിക്കുന്നത് നമ്മിൽ പുതിയ ഒരു ഫലം ഉണ്ടാകുന്നുണ്ടോ എന്നതാണ്. ഫല രഹിതമായി തഴച്ചു വളർന്നു നിൽക്കുന്ന അത്തിവൃക്ഷത്തെ വെട്ടിമാറ്റാതെ അതിനോട് ഒരു വർഷം കൂടി കരുണ കാട്ടുന്ന ഒരു നല്ല കൃഷിക്കാരനാണ് ദൈവം. പ്രതീക്ഷയോടെയാണ് അവിടുന്ന് നമ്മെ പരിപാലിക്കുന്നത്. പുതുവത്സരത്തെ ഒരുക്കിത്തന്നു കൊണ്ട് ദൈവം നമ്മെ ഓർമിപ്പിക്കുന്നു. പുതിയ സൃഷ്ടിയാകുക എന്നതാണ് പരമപ്രധാനം അത് 'യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവിൻ.' പഴയ നിയമത്തിലെ ജോസഫ് പൊട്ടകിണറിൽ കിടക്കുമ്പോഴും, കാരാഗ്രഹത്തിൽ കഴിയുമ്പോഴും ഒരിക്കൽ പോലും ദൈവത്തിനെതിരായി ചിന്തിക്കുവാനോ, സ്വയം ശപിക്കുന്നതിനോ തയ്യാറായില്ല. ദൈവം അവനെ  ഉയർത്തി. ഈ പുതുവർഷത്തിൽ നമ്മോട് ഉല്പത്തി പുസ്തകത്തിലൂടെ അവിടുന്ന് പറയുന്നു. 'കർത്താവ് അവന്റെ കൂടെ ഉണ്ടായിരുന്നു. അവൻ ചെയ്തതൊക്കെ കർത്താവ് ശുഭമാക്കുകയും ചെയ്തു'. (ഉല്പത്തി 39:23)

ലോകത്ത് അതിവേഗം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മാറ്റം സംഭവിക്കേണ്ടത് നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സഭയിലും സമൂഹത്തിലുമാണ്. ദൈവാശ്രയത്തിൽ ആഴപ്പെട്ട അടിസ്ഥാനമുള്ള  കുടുംബങ്ങളാണ് നല്ല മാറ്റത്തിന് വിധേയമാകുന്നത്.

വിവിധ കുടുംബങ്ങളുടെ ദൈവീക കൂട്ടായ്മ സജീവമാകുന്നതും കൃപ കൊണ്ട് നിറയുന്നതും നാം സഭയോട് ചേർന്ന് പ്രവർത്തിക്കുമ്പോഴാണ്. ഫ്രാൻസിസ് മാർപാപ്പയുടെ ഭാഷയിൽ പറഞ്ഞാൽ അനേകം പേർ മുറിവേറ്റു കിടക്കുന്ന ഒരു വലിയ ആശുപത്രിയാണ് സഭ. അവിടെ നല്ല സമരക്കാരന്റെ മനോഭാവത്തോടെ നാം ശുശ്രൂഷ ചെയ്യുമ്പോൾ സഭയുടെ ദൈവികത പ്രോജ്ജ്വലമാകും. അതിനുള്ള അവസരമാണ് ന്യൂ ഇയർ.

വർഷം എന്ന വാക്കിന് മഴ എന്ന അർത്ഥമുണ്ട്. പുതുവർഷം പുതുമഴയാണ്. പുതുമഴ പെയ്യുമ്പോൾ ഉണങ്ങി കിടക്കുന്ന വിത്തുകളിൽ പുതിയ നാമ്പുകളും, ഉണങ്ങിയ മരങ്ങളിൽ പുതിയ മുകളങ്ങളും, ഉണങ്ങിയ വേരുകൾ ശക്തിയോടെ വളരുകയും ചെയ്യും, ഒരു പൂക്കച്ചവടക്കാരന്റെ ജീവിതത്തിൽ പുതിയ പൂവ് അന്നത്തെ ഉപജീവനവും, വാടിയ പൂക്കൾ നാളത്തെ ഉപജീവനവും ആണ്. വാടിയ പൂക്കളിലെ വിത്തുകളിൽ നിന്ന് മുളയെടുക്കുന്ന അനേകം തൈകളുമാണ് അയാളുടെ പ്രതീക്ഷയും, നാളത്തെ ജീവിത മാർഗവും. പുതിയ മാർഗ്ഗങ്ങളും, തീരുമാനങ്ങളും, ലക്ഷ്യങ്ങളുമായി ആ പൂക്കാരനെ പോലെ പ്രതീക്ഷയോടെ ആയിരിക്കാം. നമ്മുടെ ജീവിത അനുഭവങ്ങളിലൂടെ കടന്നു പോകുമ്പോൾ നാം തിരിച്ചറിയും സൃഷ്ടി പ്രപഞ്ചം തരുന്ന സന്തോഷങ്ങൾ വെറും നിമിഷ സുഖങ്ങൾ മാത്രമാണ്. നിലനിൽക്കുന്ന സന്തോഷം നമുക്ക് വാഗ്ദാനം ചെയ്യുന്നത് ദൈവം മാത്രമാണ്. അവിടുത്തെ ഭരണത്തിനായി നാം നമ്മെ തന്നെ വിട്ടുകൊടുക്കുമ്പോൾ നമ്മിൽ ദൈവരാജ്യം സ്ഥാപിതമാകും. അങ്ങനെ യഥാർത്ഥ സമാധാനവും, സന്തോഷവും കണ്ടെത്തും. ലോകത്തിന്റെ പ്രകാശമായ യേശുവിനെ സ്വീകരിക്കുമ്പോൾ മാത്രമാണ് പ്രകാശമുള്ളൊരു പുതുവർഷം ഉണ്ടാകുന്നത്. ഈ വർഷം അനുഗ്രഹീതവും, സുരക്ഷിതവും, രക്ഷാകരവുമാക്കാൻ അവിടുത്തെ കുരിശുമെടുത്ത് ഈശോയെ അനുഗമിക്കാം. ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിച്ചുകൊണ്ട് പുതുവർഷത്തെ സന്തോഷവും, സമാധാനവും നിറഞ്ഞതാക്കി മാറ്റാം. എല്ലാവർക്കും നവവത്സരത്തിന്റെ എല്ലാ നന്മകളും പ്രാർഥനാപൂർവ്വം നേരുന്നു.



**ഫാ. ഷാജൻ ചീരമ്പൻ**
വികാരി

# ഇടയമൊഴി

വിയറ്റ്നാമിലെ കർദിനാൾ ആയിരുന്ന ധന്യനായ കർദിനാൾ ഫ്രാൻസിസ് സേവിയർ വാൻ ത്വവാൻ 13 വർഷം കമ്മ്യൂണിസ്റ്റുകാരുടെ ഭരണത്തിൻ കീഴിൽ ഒരു റീ എജുക്കേഷൻ ക്യാമ്പിൽ തടവുകാരനായി ചിലവഴിക്കേണ്ടി വന്നു.

താൻ ബിഷപ്പ് ആയി പുതിയ രൂപതയിൽ അപ്പോയിൻമെന്റ് ലഭിച്ച ആ രൂപതയിലേക്ക് കടന്നുചെന്നപ്പോൾ ഉടനെ തന്നെ കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴിലുള്ള  ആ പ്രദേശത്തു നിന്നും അദ്ദേഹം വന്നിടത്തേക്ക് തന്നെ തിരിച്ചു പോകണം എന്ന് കമ്മ്യൂണിസ്റ്റ് അധികാരികൾ ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം തിരിച്ചു പോകാൻ സമ്മതിക്കാഞ്ഞതുകൊണ്ട് 13 വർഷമാണ് അദ്ദേഹത്തിന് തടവുപുള്ളിയായി ജീവിക്കേണ്ടിവന്നത്. തടവുപുള്ളിയായ ഏകാന്തവാസം അനുഭവിക്കുന്ന കാലഘട്ടത്തിൽ അദ്ദേഹം ധാരാളം പുസ്തകങ്ങൾ എഴുതുകയുണ്ടായി അതിലൊന്ന് ടെസ്റ്റിമണി ഓഫ് ഹോപ്പ് എന്ന പുസ്തകത്തിൽ അദ്ദേഹം ഈശോ അദ്ദേഹത്തെ എങ്ങനെയാണ് സ്വാധീനിച്ചത് എന്ന് വെളിപ്പെടുത്തുകയുണ്ടായി. അദ്ദേഹം പറയുകയാണ് ഈശോയുടെ അഞ്ചു കുറവുകളാണ് ഈശോയെ സ്നേഹിക്കാനും ഈശോയെ പിഞ്ചല്ലാനും അദ്ദേഹത്തെ പ്രേരിപ്പിച്ച ത് എന്ന്.

എന്തെങ്കിലും തരത്തിലുള്ള കുറവുകളും ഉണ്ട് എന്ന് മനുഷ്യനെ ചിന്തിക്കുവാൻ പോലും സാധിക്കാത്ത ഈശോയിൽ അഞ്ചു കുറവുകൾ കണ്ടെത്താൻ സാധിച്ച കർദിനാൾ ആ കുറവുകളെ കുറിച്ച് വിശദീകരിക്കുന്നുണ്ട്.

ഒന്നാമത്തെ കുറവ് ഈശോയ്ക്ക് വ്യക്തമായ ഓർമ്മശക്തി ഇല്ല എന്നുള്ളതാണ്. അതിനുദാഹരണമാണ് നീ സ്വർഗ്ഗത്തിൽ എത്തുമ്പോൾ പാപിയായ എന്നെ കൂടി ഓർക്കണമേ എന്ന് നല്ല കള്ളൻ ഹൃദയത്തിൽ പ്രാർത്ഥിച്ച ഈശോയോട് ചോദിച്ചു കഴിഞ്ഞപ്പോൾ ഈശോ ആ നല്ല കള്ളനെ സ്വർഗ്ഗരാജ്യത്തിലേക്ക് സ്വീകരിച്ചത്. അതുവരെയുള്ള എല്ലാം മറന്ന് അവ

നെ കർത്താവ് തൻറെ സ്വർഗ്ഗരാജ്യത്തിലേക്ക് സ്നേഹപൂർവ്വം സ്വീകരിച്ചു. ഈശോ തന്നെ പങ്കുവെച്ച പിതാവിന്റെ ചിത്രവും അതു തന്നെയല്ലേ പറയുന്നത്. ധൂർത്ത പുത്രന്റെ ഉപമയിൽ എല്ലാം ധൂർത്തടിച്ച് നശിപ്പിച്ച് അവസാനം തിരിച്ച് ദൈവത്തിലേക്ക് പിതാവിലേക്ക് നടന്നുവരുന്ന പുത്രനെ അകലെ വെച്ച് തന്നെ കാണുകയും ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിക്കുകയും ചെയ്ത പിതാവായ ദൈവം. അവൻ നഷ്ടപ്പെടുത്തിയത് എല്ലാം അവന് തിരികെ കൊടുത്ത പിതാവിന്റെ സ്നേഹം. അവൻ ചെയ്ത എല്ലാ ക്രൂരതകളും മറന്നു കളഞ്ഞ പിതാവിന്റെ സ്നേഹം. ഈശോ നല്ല ഒരു മറവി കാരനാണ് എന്ന് കർദിനാൾ ഈ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നു....

ഈശോയുടെ രണ്ടാമത്തെ കുറവായി കർദിനാൾ ചൂണ്ടിക്കാണിക്കുന്നത് കർത്താവിന് കണക്കുകൂട്ടാൻ അറിയില്ല എന്നതാണ്. അതിനുദാഹരണമാണ് കർത്താവിന്റെ ഒരു ഉപമ എടുത്തു പറയുന്നത്. 100 ആടുകളിൽ ഒന്നിനെ നഷ്ടപ്പെട്ടുപോയാൽ 99 നെയും അവിടെ വിട്ടിട്ട് നഷ്ടപ്പെട്ട ഒന്നിനെ തേടി പോകുന്ന ദൈവത്തിന്റെ സ്നേഹം. 99 നേക്കാൾ വിലമതിക്കുന്നതാണ് നഷ്ടപ്പെട്ടുപോയ ഒന്നിന്റെ തിരിച്ചെടുക്കൽ, വീണ്ടെടുക്കൽ എന്ന് കർത്താവ് നമ്മെ കാണിച്ചു തരുന്നു. ഇവിടെയും കർദിനാൾ കർത്താവിന് കണക്കു കൂട്ടാൻ അറിയില്ല എന്ന് സ്ഥാപിക്കുകയാണ്....

ഈശോയുടെ മൂന്നാമത്തെ കുറവായിട്ട് കാണുന്നത് കർത്താവിനെ ലോജിക്ക് ഇല്ല എന്നുള്ളതാണ്. പത്തു നാണയത്തിൽ ഒന്ന് നഷ്ടപ്പെട്ടു പോയപ്പോൾ ആ ഒരു നാണയം തിരിച്ചു കിട്ടാനായിട്ട് വീടിനകം മുഴുവൻ അടിച്ചുപൊറുക്കി. അവസാനം ആ നാണയം കിട്ടിക്കഴിഞ്ഞപ്പോൾ തങ്ങളുടെ അയൽവാസികളെ എല്ലാം വിളിച്ചു കൂട്ടി അവർക്ക് സുഭിക്ഷമായ ഭക്ഷണം നൽകിയ കുടുംബനാഥയെ കുറിച്ച് കർത്താവ് പറയുമ്പോൾ അവിടെ നാം മനസ്സിലാക്കേണ്ടത് എന്താണ് നഷ്ടപ്പെട്ടുപോയ ഒരു നാണയത്തിനേക്കാൾ വില ചിലവഴിച്ച് അയൽവാസികൾക്കെല്ലാം ഭക്ഷണം കൊടുത്ത വിധവയെ കുറിച്ച് പറയുമ്പോൾ കർത്താവ് അർത്ഥമാക്കുന്നതും ഇതു തന്നെയാണ്. കർദിനാൾ ഉറപ്പിക്കുന്നു കർത്താവിനെ ലോജിക് ഇല്ല....

കർത്താവിന്റെ നാലാമത്തെ കുറവെന്നു പറയുന്നത് ആള് ഒരു എടുത്തുചാട്ടക്കാരൻ ആണ് എന്നതാണ്. അതാണ് സാബത്തിൽ രോഗശാന്തി നൽകുന്നതും സാബത്തിൽ പശുക്കിടാവിനെ സംരക്ഷിക്കുന്നതും തുടങ്ങിയ കാര്യങ്ങൾ....

കർത്താവിന്റെ അഞ്ചാമത്തെ കുറവാണ് ധനപരമായ കാര്യങ്ങളിൽ കർത്താവിനെ അറിവ് കുറവാണ്.

അതുകൊണ്ടാണ് ആദ്യം വന്നവനും അവസാനം വന്നവനും ഒരേ കൂലി കൊടുക്കുവാൻ ആയിട്ട് തയ്യാറാവുന്നത്.

സ്നേഹമുള്ളവരെ ഈശോയുടെ കുറവുകൾ എന്നാൽ എന്താണ് അത് മനുഷ്യനോടുള്ള വലിയ സ്നേഹമാണ് ആ സ്നേഹത്തിൽ നിന്ന് കർത്താവ് കോംപ്രമൈസ് ചെയ്യുന്നതാണ് എല്ലാം....

നമുക്ക് വേണ്ടി കാത്തിരിക്കുന്നു, നമ്മുടെ പാപങ്ങൾ മറന്നു കളയുന്നു, നമ്മോട് നിരന്തരമായി പൊറുക്കുന്നു, നമ്മുക്ക് വേണ്ടി ഒരു ലോജിക്കും നോക്കാതെ ദൈവം ഇടപെടുന്നു...

ആ ഈശോയെ സ്നേഹിക്കുന്ന ഒരു വർഷമായി ഈ വർഷം നമുക്ക് മാറ്റാം...

അതുപോലെ ഈശോയെ പ്രതി നമുക്കും മറക്കാം. നമ്മുടെ സഹോദര ങ്ങളിൽ നിന്നും നമുക്ക് ലഭിച്ചിട്ടുള്ള സങ്കടങ്ങൾ നമുക്ക് മറക്കാം നമ്മുടെ സഹോദരങ്ങളിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുള്ള ദോഷങ്ങൾ നമുക്ക് മറക്കാം. ചില സ്വത്തിനെ കുറിച്ചുള്ള അമിതമായിട്ടുള്ള ആകുലത മറന്നു സഹോദര ങ്ങളുമായി രമ്യപ്പെടുവാൻ ആയിട്ട് എല്ലാ ലോജിക്കുകളും എടുത്തു മാറ്റി വയ്ക്കാൻ നമുക്ക് പരിശ്രമിക്കാം. എടുത്തുചാട്ടക്കാരൻ ആയ ഈശോ യെപ്പോലെ നമ്മുടെ സഹോദരങ്ങളുമായും ബന്ധുമിത്രാദികളുമായും രമ്യതപ്പെടുവാനായിട്ട് നമുക്ക് ആദ്യത്തെ സ്റ്റെപ്പ് എടുത്തു വയ്ക്കാനുള്ള സ്നേഹവും നിഷ്കളങ്കതയും എളിമയും നമ്മുടെ ഹൃദയത്തിൽ കാത്തു സൂക്ഷിക്കാം...

അങ്ങനെ അവന്റെ കുറവുകൾ നമ്മുടെ കൂടി കുറവുകൾ ആകുന്നത് വഴി നമ്മൾ കൂടുതൽ ഈശോയിലേക്ക് അടുക്കാനായിട്ട് പരിശ്രമിക്കാം... മനോഹരമായ ഒരു വർഷം നിങ്ങൾക്ക് എല്ലാവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.



Fr. Joseph Ariyappallil MCBS

# Hopeful Steps into 2024

In the embrace of love, a new chapter unfolds as we bid farewell to the trials of the past year and welcome the dawn of hope and happiness. The nation is in jubilation, casting aside the shadows of the pandemic that restrained our celebrations in recent years.

As we stand on the threshold of a new beginning, let us collectively forget the sorrows and burdens that weighed us down. The spectre of Covid-19 has waned, allowing us to embrace the New Year with exuberance and joy. Let the tapestry of love and happiness weave its threads into the fabric of our lives, erasing the memories of hardships.

The canvas of the New Year stretches before us, a blank page eager for the tales we will inscribe upon it. The pen is in your hands, poised to craft the most beautiful story for yourself. The lexicon of the past year is now relegated to history; it's time for the vocabulary of the New Year to resonate with new voices.

May the blossoming year shower you with joy, akin to the fragrance of a fresh flower permeating the air. May it be a time of endless possibilities, where your dreams soar high, and self-belief propels you forward. Embrace the opportunity to forge new resolutions, achieve remarkable milestones, and bask in the glow of perpetual happiness throughout the upcoming 12 months.

Wishing you and your loved ones a Happy New Year 2024, filled with prosperity, accomplishments, and the fulfilment of your aspirations.

# ഇടവക വാർത്തകൾ

**ഇടവക തിരുന്നാൾ 2024 ഫെബ്രുവരി 2,3,4 വെള്ളി, ശനി, ഞായർ ദിവസങ്ങൾ**

2024 ഫെബ്രുവരി 2,3,4 (വെള്ളി, ശനി, ഞായർ) തിയതികളിൽ ഇടവക മധ്യസ്ഥയായ പരിശുദ്ധ കന്യാമറിയത്തിന്റെയും രക്തസാക്ഷിയായ വിശുദ്ധ സെബാസ്ത്യാനോസിനെയും തിരുനാൾ ആഘോഷപൂർവ്വം നടത്തുവാൻ തീരുമാനിച്ചു. തിരുന്നാൾ ആത്മീയ ചൈതന്യത്തിൽ നടത്തുവാൻ കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു.

ജനറൽ കൺവീനർ - ജോഫി ജോസ്
ജോയന്റ് കൺവീനർ - സുജൻ ബാബു
പബ്ലിസിറ്റി കൺവീനർ - പോൾ മാത്യു
ഫിനാൻസ് കൺവീനർ - E.E ഷാജു
ലൈറ്റ് ആൻഡ് സൗണ്ട് കൺവീനർ - ജോൺസൺ റെജി
Procession കൺവീനർ - K.S സുനിൽ
ബാൻഡ് സെറ്റ് കൺവീനർ - സി .എ ജോസ്
ഓഫറിങ് കൺവീനർ - N.R ആന്റണി
ചർച്ച് ഡെക്കറേഷൻ (ഇൻസൈഡ്) - സിസ്റ്റേഴ്സ് ആൻഡ് മാതൃവേദി
ചർച്ച് ഡെക്കറേഷൻ (ഔട്ട് സൈഡ്)- SMYM
ലിറ്റർജി - സിസ്റ്റേഴ്സ്
വളണ്ടിയർ & പാർക്കിംഗ് കൺവീനർ - ആന്റണി ജേക്കബ്
ഫയർ വർക്ക് കൺവീനർ - സി.സി പ്രിൻസ്
റിസപ്ഷൻ (ഫുഡ്) - കൈക്കാരന്മാർ
എന്റർടൈയ്മെന്റ് - പിതൃവേദി & ക്വയർ

**പുതുവത്സരാശംസകൾ**

സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, ഐക്യത്തിന്റെയും പുത്തൻ പ്രതീക്ഷകൾ നൽകുന്ന നല്ലൊരു പുതുവത്സരം ഏവർക്കും ആശംസിക്കുന്നു.

**തിരുനാൾ തിരുക്കർമ്മങ്ങൾ**

ജനുവരി 26 തീയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 5.30 കരുണക്കൊന്ത, 5.45 തിരുനാൾ കൊടികയറ്റം, തുടർന്ന് ആഘോഷമായ തിരുനാൾ കുർബാന, ലദീഞ്ഞ്, നേർച്ച ഉണ്ടായിരിക്കും. 27-ാം തിയതി മുതൽ 2-ാം തിയതി വരെ തിരുന്നാൾ തിരുകർമ്മങ്ങൾ വൈകുന്നേരം 5:45 ന്

കരുണക്കൊന്ത, ആഘോഷമായ ദിവ്യബലി, ലദീഞ്ഞ്, നേർച്ച എന്നിവ ഉണ്ടായിരിക്കും. യൂണിറ്റ്, സംഘടന അടിസ്ഥാനത്തിൽ ആയിരിക്കും. മൂന്നാം തീയതി ശനിയാഴ്ച രാവിലെ 6.15 ന് വിശുദ്ധ കുർബാന, ലദീഞ്ഞ് അതിനുശേഷം തിരുസ്വരൂപങ്ങൾ എഴുന്നള്ളിച്ച് പന്തലിലേക്ക് കൊണ്ടുവരുന്നു. അമ്പു വെഞ്ചിരിച്ച് കുടുംബയൂണിറ്റിലേക്ക് അമ്പ് നൽകുന്നു. വൈകുന്നേരം 6 മണിയുടെ വിശുദ്ധ കുർബാനയ്ക്കുശേഷം 7.30 മണി മുതൽ 8.30 മണിക്കുള്ളിൽ യൂണിറ്റുകളുടെ അമ്പു പ്രദക്ഷണം പള്ളിയിൽ എത്തിച്ചേരേണ്ടതാണ്. തുടർന്ന് 8.30 മണി മുതൽ 9.30 മണിവരെ ബാൻഡ് മേളം ഉണ്ടായിരിക്കുന്നതാണ്.

തിരുനാൾ ദിനത്തിൽ ഞായറാഴ്ച രാവിലെ 6.15 നും, 8.15 നും വിശുദ്ധ കുർബാനകൾ ഉണ്ടായിരിക്കും. ഉച്ചതിരിഞ്ഞ് നാലുമണിക്ക് ആഘോഷമായ തിരുനാൾ കുർബാനയും, തുടർന്ന് നഗരം ചുറ്റി വിശ്വാസ പ്രഷണ പ്രദക്ഷിണവും ഉണ്ടായിരിക്കും. അതിനുശേഷം എട്ടുമണിയോടുകൂടി ദിവ്യകാരുണ്യ ആരാധനയും, ആശിർവാദവും ഉണ്ടായിരിക്കും. ശബ്ദ വർണ്ണ വിസ്മയവും ഉണ്ടായിരിക്കും.

ഫെബ്രുവരി അഞ്ചാം തീയതി രാവിലെ 6.15ന് മരിച്ചുപോയവർക്ക് വേണ്ടിയുള്ള വിശുദ്ധ കുർബാനയും, കൊടിയിറക്കവും, സിമിത്തേരി കപ്പേളയിൽ ഒപ്പീസ് പ്രാർഥനയും ഉണ്ടായിരിക്കും.

**പുതുവത്സരാശംസകൾ**

സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, ഐക്യത്തിന്റെയും പുത്തൻ പ്രതീക്ഷകൾ നൽകുന്ന നല്ലൊരു പുതുവത്സരം ഏവർക്കും ആശംസിക്കുന്നു.

**നന്ദിയുടെ നറു മലരുകൾ**

പ്രാർത്ഥനയും സഹനവും കൂട്ടായ്മയുംകൊണ്ട് സീറോ മലബാർ സഭയെ 12 വർഷക്കാലം നയിച്ച മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് കർദ്ദിനാൾ ആലഞ്ചേരി പിതാവിന് നന്ദിയും ആശംസകളും.

**ചാവറ തിരുനാൾ**

ജനുവരി മൂന്നാം തീയതി വിശുദ്ധ ചാവറ ഏലിയാസ് കുര്യാക്കോസിന്റെ തിരുനാൾ ആചരിച്ചു. ഏവർക്കും വിശുദ്ധന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനയും ആശംസിക്കുന്നു.

**ദനഹാ തിരുനാൾ – ഏൽപയ്യ (കടം ഉള്ള ദിവസം)**

ജനുവരി ആറാം തിയതി ഈശോയുടെ മാമോദിസയുടെ ഓർമ്മയായ ദനഹാ തിരുനാൾ നാം ആഘോഷിച്ചു. ഏവർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നു.

**വിശുദ്ധ സെബസ്ത്യാനോസേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ**

ജനുവരി ഇരുപതാം തീയതി വിശുദ്ധ സ്റ്റെബസ്ത്യാനോസിന്റെ തിരുനാൾ

ആണല്ലോ. വിശ്വാസ തീഷ്ണതയ്ക്കുവേണ്ടിയും, പകർച്ചവ്യാധികളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി പ്രത്യേകം മാധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിക്കാം. സെന്റ് സെബാസ്റ്റ്യൻ കുടുംബ യൂണിറ്റിന് തിരുനാൾ മംഗളങ്ങൾ.

**ഇന്ത്യൻ റിപ്പബ്ലിക് ദിനം**

ഭാരതത്തിന്റെ റിപ്പബ്ലിക് ദിനമായ ജനുവരി 26-ാം തിയതി ഭാരതത്തിന് വേണ്ടി നമുക്ക് പ്രത്യേകം പ്രാർഥിക്കാം.

**ലൂർദ് മാതാവിൻറെ തിരുനാൾ**

ഫെബ്രുവരി പതിനൊന്നാം തിയതി ലൂർദ് മാതാവിന്റെ തിരുനാളും, രോഗി ദിനവുമായി ആചരിക്കുകയാണല്ലോ. ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും പ്രത്യേകിച്ച് രോഗാവസ്ഥയിലിരിക്കുന്നവർക്കും വേണ്ടി നമുക്ക് പ്രാർഥിക്കാം.

**അനുതാപത്തിന്റെ വലിയ നോമ്പ്**

ഈശോയുടെ 40 ദിവസത്തെ ഉപവാസമാണ് വലിയ നോമ്പ് എന്ന പേരിൽ നമ്മൾ അനുസ്മരിക്കുന്നത്. തിരിഞ്ഞുനോട്ടത്തിന്റെ ഒരു കാലഘട്ടമാണിത്. നോമ്പ് കാലത്തിൽ ആഘോഷങ്ങൾക്ക് മുടക്കം ആയിരിക്കും. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വന്തം ജീവിതം പിതാവിന് സമർപ്പിച്ച ഈശോയെ പോലെ നമുക്കും തീഷ്ണതയോടെ പ്രാർഥനയിലും, ആത്മാർത്ഥമായുള്ള ഉപവാസത്തിലും, ദാനധർമ്മത്തിലും ഈ കാലഘട്ടം ചെലവഴിക്കാം.

**വിഭൂതി തിരുനാൾ**

ഫെബ്രുവരി പന്ത്രണ്ടാം തീയതി വിഭൂതി തിരുനാളായി നാം കൊണ്ടാടുന്നു. അന്നേ ദിനം ഉപവാസ ദിനം ആയിരിക്കും. ഈ നോമ്പു കാലഘട്ടത്തിൽ എല്ലാ ദിവസവും വിശുദ്ധ ബലിയിൽ പങ്കെടുത്തും, കുരിശിന്റെ വഴി നടത്തിയും, ഉപവസിച്ചും ലോകം മുഴുവനിലും വ്യക്തിപരമായ ജീവിതത്തിലും വന്നു പോയിട്ടുള്ള പിഴകൾക്ക് മാപ്പ് അപേക്ഷിക്കാം. ദൈവം ഈ കാലഘട്ടത്തിൽ കൂടുതൽ അനുഗ്രഹങ്ങൾ നമ്മൾക്കരുളട്ടെ.

**മാതാവിന്റെ ലോക്കറ്റ്**

നമ്മുടെ ഇടവകയിൽ നിന്നും കർത്താവിൽ നിദ്ര പ്രാപിച്ച അമ്മമാരുടെ താലിയും ഒപ്പം ഇടവകയുടെ സ്വർണവും ചേർത്ത് ഒരു ഗ്രാം ലോക്കറ്റ് നിർമ്മിച്ചു. നമ്മുടെ സഭയുടെ പൗരാണികതയും, ഇടവകയുടെ ചരിത്രവും, കുടുംബങ്ങളുടെ പവിത്രതയും അലിഞ്ഞ ഒരു ഗ്രാമിൽ പൊതിഞ്ഞ മാതാവിന്റെ ലോക്കറ്റ് മിഷൻ സൺഡേ മുതൽ ഇടവക അംഗങ്ങൾ സ്വന്തമാക്കി തുടങ്ങി.





**വിനോദയാത്ര**

പിതൃവേദി, മാതൃവേദി ഗോവ വിനോദയാത്രയ്ക്കും, എസ്.എം.വൈ.എം സംഘടനയുടെ വാഗമൺ-വർക്കല വിനോദയാത്രയ്ക്കും നേതൃത്വം കൊടുത്ത ഭാരവാഹികൾക്കും, പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഭവന നിർമ്മാണം**

നമ്മുടെ ഇടവകയിൽ പള്ളി നിർമ്മാണത്തിനു മുന്നോടിയായി ഒരു ഭവന നിർമ്മാണം തീരുമാനിച്ചുവല്ലോ. ആ ഭവനത്തിന് നവംബർ 25-ാം തിയതി ബഹുമാനപ്പെട്ട വികാരിയച്ചനും, ഇടവക ജനങ്ങളും ചേർന്ന് തറക്കല്ലിടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇതിനായി സഹായിച്ചവർക്കും, സഹായിച്ചു കൊണ്ടിരിക്കുന്നവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**അഭിനന്ദനങ്ങൾ**

ഫൊറോനതല മരിയൻ സംഘഗാനം മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഇടവക ഗായക സംഘത്തിന് നന്ദിയും അഭിനന്ദനങ്ങളും.

**ബെസ്റ്റ് സ്പീക്കർ**

വിശ്വാസപരിശീലന കുട്ടികൾക്കായി നടത്തപ്പെട്ട ബെസ്റ്റ് സ്പീക്കർ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അബ്രഹാം ബൈജുവിനും, രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഹെലന ആന്റണിക്കും, മൂന്നാം സ്ഥാനം കരസ്ഥമാക്കിയ മെർലിൻ ഷാജുവിനും, ഇവർക്ക് പ്രോത്സാഹനങ്ങൾ നൽകിയ അവരുടെ മാതാപിതാക്കൾക്കും, വിശ്വാസപരിശീലന അധ്യാപകർക്കും അഭിനന്ദനങ്ങൾ.

**എസ് എം വൈ എം**

രൂപത ഫുട്ബോൾ മത്സരത്തിൽ രണ്ടാം സ്ഥാനവും, കരോൾ ഗാന മത്സരത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ എസ്.എം.വൈ.എം സംഘടനയിൽ പങ്കെടുത്തവർക്കും, പ്രോത്സാഹിപ്പിച്ചവർക്കും നന്ദിയും, അഭിനന്ദനങ്ങളും.

**ക്രിസ്മസ് 2023**

നമ്മുടെ ഇടവകയിൽ ഈ വർഷം നടന്ന ക്രിസ്മസ് ആഘോഷങ്ങൾ മനോഹരമായിരുന്നു. ക്രിസ്മസ് നാളിൽ കുടുംബം ഒരുമിച്ച് നിന്ന് തിരുപ്പിറവിയുടെ കർമ്മങ്ങൾ ഗ്രോട്ടോയിൽ നിന്ന് ആരംഭിക്കുകയും തീയുഴിച്ചൽ പ്രദർശനത്തിനും ശേഷം കുടുംബമായി വന്ന് സമർപ്പണം നടത്തുകയും ചെയ്ത എല്ലാ കുടുംബാംഗങ്ങൾക്കും നന്ദി. ആഘോഷമായ തിരുകർമ്മത്തിന് ബഹുമാനപ്പെട്ട വികാരിയച്ചൻ നേതൃത്വം നൽകി. ബഹുമാനപ്പെട്ട കൊച്ചച്ചൻ ഹൃദയസ്പർശിയായ സന്ദേശം നൽകി. എസ്.എം.വൈ.എം സംഘടന ഭവനങ്ങളിൽ കരോൾ നടത്തിയും, ക്രിസ്മസ് ട്രീ, സ്റ്റാറുകൾ ഒരുക്കിയും, കേക്ക് വിതരണം നടത്തുന്നതിന്

സഹകരിച്ച എല്ലാവർക്കും, ക്രിസ്മസ് ദിനത്തിൽ അൾത്താര മനോഹരമായ ഒരുക്കിയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, ഗായക സംഘത്തിനും, അൾത്താരസംഘത്തിനും, കപ്യാർമാർക്കും, ബ്രദേഴ്സിനും, നോമ്പ് വീടലിനും സഹകരിച്ച പിതൃവേദിക്കും, കൂപ്പണുകൾ വിതരണം നടത്തിയ വിശ്വാസപരിശീലന വിഭാഗത്തിനും, എല്ലാത്തിനും നേതൃത്വം കൊടുത്ത കൈകാരന്മാർക്കും, വിവിധ തരത്തിൽ സ്പോൺസർ ആയവർക്കും ഒത്തിരി സ്നേഹത്തോടെ നന്ദി.

**ക്രിബ് വണ്ടർലാന്റ് 2023**

ലൂർദ് വോയ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്രിസ്മസ് രാത്രിയിൽ പുൽക്കൂട് മത്സരം നയന മനോഹരമായി നടത്തപ്പെട്ടു. പുൽക്കൂട് ഉണ്ടാക്കി സഹകരിച്ച് എല്ലാവർക്കും, സമ്മാനാർഹരാകും, അവരെ പ്രോത്സാഹിപ്പിച്ച കുടുംബാംഗങ്ങൾക്കും, യൂണിറ്റ് ഭാരവാഹികൾക്കും, സ്പോൺസർമാർക്കും, അലങ്കാരത്തിന് സഹായിച്ച ബ്രദേഴ്സിനും ഒത്തിരി സ്നേഹത്തോടെ ഹൃദയം നിറഞ്ഞ നന്ദി.

**വിജയികൾ**

1st place M.r Geo AV

2nd place Mr. Shaju EE

3rd Place Ms. Joviya TJ

ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുപ്പിച്ച യൂണിറ്റുകൾ.

1. സെന്റ് അൽഫോൻസാ യൂണിറ്റ്
2. സെന്റ് തോമസ് യൂണിറ്റ്.

**നിത്യതയിലേക്ക്**

സെന്റ് ജോർജ്ജ് യൂണിറ്റ് മെലിറ്റ് പോൾ വിനു (42 വയസ്) 6/12/2023 ന് കർത്താവിൽ നിദ്ര പ്രാപിച്ചു.

**ഞങ്ങൾ വരവായി.....**

Chiriyankandath Semin Raj+Priyanga ദമ്പതികളുടെ മകൾ Mithra P Semin (Catherine) 25/11/2023 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു.

Chalissery Steve Thomas + Elizabeth Hilda ദമ്പതികളുടെ മകൾ Evelyn Steve (Teresa) 25/11/2023 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു.

Thalakottur T.D.Joy + Blessy Joy ദമ്പതികളുടെ മകൾ Anna Rose T.J (Maria) 27/11/2023 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു.

Pottekkatil Bibin Baby + Lincy Joseph ദമ്പതികളുടെ മകൾ Ezra Bibin (Rosa) 31/12/2023 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു

**വിവാഹിതരായി**

ഗാന്ധിപുരം ഇടവകയിലെ സെന്റ് പീറ്റർ യൂണിറ്റ് വടക്കേവീട്ടിൽ Roy + cicily മകൾ Sheena യും കാരമട ഇടവകയിലെ Jose + Daisy മകൻ Jaison നും വിവാഹിതരായി.

ഗാന്ധിപുരം ഇടവകയിലെ സെന്റ് ജോസഫ് യൂണിറ്റ് വലിയ പറമ്പിൽ Ouseph + Lilly മകൾ Lini യും വടക്കാഞ്ചേരി ഇടവകയിലെ Johny + Lilly മകൻ Jithin നും വിവാഹിതരായി.

**സ്നേഹ സ്പർശം**

വിശ്വാസ പരിശീലനവിഭാഗം 10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള social out reach program ന്റെ ഭാഗമായി പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികൾ എട്ടിമടയിലുള്ള അസ്സീസ്സി സ്നേഹാലയ സന്ദർശിച്ചു.

Angel wings Choir ജ്യോതിപുരം Zion Illam സന്ദർശിച്ചു.

SMYM അംഗങ്ങൾ St. Joseph Old Age Home Podanur സന്ദർശിച്ചു.

## ദേവാലയ ക്ലീനിങ് 2024

| No | Month | Unit | Time |
|---|---|---|---|
| 1 | January | St. Sebastian | 10. am to 12 pm |
| 2 | Feburary | St. Joseph | 10. am to 12 pm |
| 3 | March | St. Alphonsa | 10. am to 12 pm |
| 4 | April | St. Peter | 10. am to 12 pm |
| 5. | May | St. Vincent De Paul | 10. am to 12 pm |
| 6. | June | St. John Maria Vianney | 10. am to 12 pm |
| 7. | July | St. Antony | 10. am to 12 pm |
| 8 | August | St. George | 10. am to 12 pm |
| 9 | September | St. Mary's | 10. am to 12 pm |
| 10. | October | St. Thomas | 10. am to 12 pm |
| 11 | November | St. Paul | 10. am to 12 pm |
| 12 | December | Francis Xavier | 10. am to 12 pm |

# 5.11.2023- ന് കൂടിയ പ്രതിനിധിയോഗം റിപ്പോർട്ട്

കാലത്ത് 9.45 ന് വികാരിയച്ചന്റെ പ്രാർഥനയോടെ പ്രതിനിധിയോഗം തുടങ്ങി. കൈക്കാരൻ PV. Francis എല്ലാവർക്കും സ്വാഗതം പറഞ്ഞു. അതിനുശേഷം Sectretary Report വായിക്കുകയും പാസ്സാക്കുകയും ചെയ്തു.

പള്ളിയുടെ കണക്കുകൾ 1.9.23 മുതൽ 31.10.23 വരെയുള്ളത് പള്ളി അക്കൗണ്ടന്റ് വായിക്കുകയും പാസാക്കുകയും ചെയ്തു. Building contrcestion A/c 1.04.23 to 31.0.23 വരെയുള്ളത് Construation committe Accountent വായിക്കുകയും പാസ്സാക്കുകയും ചെയ്തു. Special Qurabana ക്ക് വാങ്ങുന്ന Qurbana പണം Qurbana ചെല്ലാനുള്ളതാണെന്ന് അച്ചൻ വിവരിച്ച് പറഞ്ഞു.

ഗണപതിയിലെ സ്ഥലം വിൽക്കുന്നതിനെടുത്ത തീരുമാനം പുതുക്കി പാസ്സാക്കി.

22.10.23 -ന് നടന്ന Mission Sunday Committe ക്ക് വികാരിയച്ചൻ പ്രത്യേകമായി നന്ദി പറഞ്ഞു. പിരിഞ്ഞ് കിട്ടിയ തുകയിൽ നിന്ന് രൂപതക്ക് 25% ഉം പള്ളി ലോൺ അക്കൗണ്ടിലേക്ക് 50% ഉം Mission പ്രവർത്തനത്തിന് (വീട് നിർമ്മാണം) 25% ഉം മാറ്റി വെക്കാമെന്നും ചർച്ച ചെയ്യൽ തീരുമാനിച്ചു.

തിരുനാളിന്റെ (Unit-ന്റെ) കണക്കുകൾ സൂക്ഷിക്കുന്നതിനെക്കുറിച്ച് A/C ന്റെ Saji Isac വിവരിച്ച് പറയുകയുണ്ടായി.

X mas carol പതിവുപോലെ നടത്തുന്നതിന് SMYM ന് ചുമതലപ്പെടുത്തി.

3 മാസത്തിലൊരിക്കൽ എടുക്കുന്ന box collection construction A/C യിലേക്ക് മാറ്റമെന്നും തീരുമാനമായി.

ഇടവകയിൽ ജനുവരിയിൽ ഒരു ധ്യാനം തിരുനാളിന്റെ ഒരുക്കത്തിന്റെ ഭാഗമായി നടത്താമെന്നും തിരുമാനമായി.

Alter boys ന് രണ്ട് വർഷത്തിലൊരിക്കൽ Tour-ന് കൊണ്ടുപോകാമെന്നും, അതിനുള്ള ചെലവുകൾ പള്ളിയിൽ നിന്ന് എടുക്കാമെന്നും തീരുമാനമായി.

പള്ളി കെട്ടി കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ള വീട് പണിയെക്കുറിച്ച് ചർച്ച ചെയ്തു.

പല കാരണങ്ങളാൽ മുടങ്ങിപ്പോയ കുടുംബ സമ്മേളനങ്ങൾ November 23 മുതൽ വീണ്ടും തുടങ്ങാമെന്നും തീരുമാനമായി

അവസാനമായി വികാരിയച്ചന്റെ നന്ദി പ്രാർഥനയോടെ 11.30 am ന് പ്രതിനിധിയോഗം അവസാനിക്കുകയും ചെയ്തു.

പ്രതിനിധിയോഗത്തിൽ 36 പേർ പങ്കെടുക്കുകയും ചെയ്തു.

# സംഘടനാവാർത്തകൾ

## പിതൃവേദി വാർത്തകൾ

**മാസാദ്യ ബുധനാഴ്ചകളിലെ പ്രാർഥനാകൂട്ടായ്മ**

പിതൃവേദി അംഗങ്ങൾക്കായുള്ള പ്രാർത്ഥനാകൂട്ടായ്മ എല്ലാ മാസത്തിലെയും ആദ്യ ബുധനാഴ്ചകളിൽ ആരാധനാലയത്തിൽ വെച്ച് വൈകുന്നേരം 8 മണി മുതൽ 9 മണിവരെ നടത്തപ്പെടുന്നു. ബഹു വൈദികരാൽ നയിക്കപ്പെടുന്ന ഈ പ്രാർഥനായോഗം പലർക്കും പല അനുഗ്രഹങ്ങൾക്കും പ്രാർഥനാ നിയോഗ പൂർത്തീകരണങ്ങൾക്കും കാരണമായിട്ടുണ്ട്. നമ്മുടെ ഇടവകയിലെ എല്ലാ അപ്പന്മാരും ഇനി വരുന്ന ഈ പ്രാർഥനാകൂട്ടായ്മകളിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പ്രാർഥനയ്ക്ക് ശേഷം എല്ലാ ദിവസങ്ങളിലും സ്നേഹവിരുന്ന് ഉണ്ടായിരിക്കുന്നതാണ്.

**ഗോവ തീർത്ഥയാത്ര**

ബഹു. കൊച്ചച്ചന്റെ നേതൃത്വത്തിലുള്ള പിതൃവേദി അംഗങ്ങൾക്കായുള്ള ഗോവതീർത്ഥയാത്ര നവംബർ മാസം 11 മുതൽ 13 വരെ നടത്തപ്പെട്ടു. വി. ഫ്രാൻസിസ് സേവ്യറിന്റെ ഭൗതീകശരീരം സൂക്ഷിച്ചിരിക്കുന്ന ഗോവയിലെ ബസിലിക്ക സന്ദർശിക്കുന്നതിനോടൊപ്പം തന്നെ തീർത്ഥാടനത്തിന് പ്രസിദ്ധമായ മറ്റു പല ദേവാലയസന്ദർശനങ്ങൾ കൂടി ഈ യാത്രയിൽ സന്ദർശിക്കുകയുണ്ടായി.

ഈ തീർത്ഥയാത്രയുടെ കോർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ. പ്രഭു തോമസിനും കണക്കുകൾ കൈകാര്യം ചെയ്ത ശ്രീ. സിജോ ജോസിനും പിതൃവേദി സംഘടനയുടെ പേരിലുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ക്രിസ്തുമസ്സ് നോമ്പുവിടലും ഇറച്ചി വില്പനയും**

ഇടവകയുടെ ക്രിസ്തുമസ്സ് നോമ്പുവിടൽ പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പിതൃവേദി അംഗങ്ങൾ തന്നെ സ്പോൺസർ ചെയ്ത ബ്രഡ്ഡും പോത്തിറച്ചികറിയും കൂട്ടിയാണ് ഈ വർഷത്തെ നോമ്പുവിടൽ കർമ്മം നടന്നത്. ഇതിലേക്കായി സ്പോൺസർ ചെയ്ത് സഹായിച്ച എല്ലാ പിതൃവേദി അംഗങ്ങൾക്കും നന്ദിയുടെ കൂപ്പുകൈ.

ഇതോടൊപ്പം തന്നെ ഇടവകയിലെ കുടുംബങ്ങൾക്ക് നോമ്പു വിടുന്നതിനായി പിതൃവേദിയുടെ നേതൃത്വത്തിൽ ഇറച്ചി വില്പന നടത്തപ്പെട്ടു. അട്ടപ്പാടിയിൽ നിന്നും എത്തിച്ച പോത്തിറച്ചിയും പോർക്കിറച്ചിയുമാണ് ഈ വർഷം കുടുംബങ്ങൾക്കായി വിൽപ്പന നടത്തിയത്.

ഈ സംരംഭത്തിൽ ഞങ്ങളോടൊപ്പം നിന്ന് ഞങ്ങളെ വഴി നടത്തിയ

ബഹു. വികാരിയച്ചനും കൊച്ചച്ചനും ഞങ്ങളോടൊപ്പം പ്രവർത്തിച്ച കൈക്കാരന്മാർക്കും നന്ദി. കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ച ശ്രീ. CG ആന്റണി, ശ്രീ. KS സുനിൽ എന്നിവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. വളരെ പ്രത്യേകമായി, ഞങ്ങളുടെ ക്രിസ്തുമസ്സ് നോമ്പുവിടൽ ഇറച്ചിവില്പന എന്നീ കാര്യങ്ങളിൽ ഞങ്ങളിൽ ഒരാളായി ഞങ്ങളുടെ കൂടെ നിന്ന് പ്രവർത്തിച്ച ശ്രീ . PK ഹിൻസൺ, ശ്രീ .CC പ്രിൻസ്, ശ്രീ .KV ജോൺസൺ, അതോടൊപ്പം തന്നെ എല്ലാ പിതൃവേദി ഭാരവാഹികൾക്കും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് നന്ദി പറഞ്ഞു കൊള്ളുന്നു.

## മാതൃവേദി ന്യൂസ്

**മിഷൻ ഞായർ 2023**

മിഷൻ ഞായറാഴ്ച ഫുഡ്സ്റ്റാളിലേക്ക് സ്വാദേറിയതും രുചികരവുമായ വിഭവങ്ങൾ ഒരുക്കിയ അമ്മമാരെയും പ്രത്യേകിച്ച് ആനിമേററർ സിസ്റ്ററിനെയും നന്ദിയോടെ ഓർക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി പറയുന്നു. ഫുഡ് സ്റ്റാളിൽ നിന്നും ലഭിച്ച 52,925 രൂപ മിഷൻ പ്രവർത്തനങ്ങൾക്കായി ഭാരവാഹികൾ ബഹു വികാരിയച്ചനെ ഏൽപ്പിച്ചു.

**ജപമാല സമാപനം**

ഒക്ടോബർ 31-ാം തിയ്യതി മാതൃവേദിയുടെ നേതൃത്വത്തിൽ ആരാധനാലയത്തിൽ വച്ച് കാലത്ത് 11 മണിമുതൽ 5 മണിവരെയുള്ള സമയത്ത് യൂണിറ്റടിസ്ഥാനത്തിൽ അഖണ്ഡ ജപമാല നടത്തി. ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ കടന്നു വന്ന എല്ലാ അമ്മമാർക്കും നന്ദി പറയുന്നു. വി. കുർബാനക്കു മുമ്പ് അമ്മമാർ കാഴ്ച സമർപ്പണമായി മാതാവിന്റെ മുമ്പിൽ റോസാപൂക്കൾ സമർപ്പിച്ചു. ആഘോഷമായ ജപമാല നടത്തി. അതിനുശേഷം ദിവ്യകാരുണ്യവും, മാതാവിന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ദേവാലയത്തിനുള്ളിൽ നടത്തി. സ്വർഗ്ഗീയ അനുഭൂതി ഉണർത്തുന്ന നിമിഷങ്ങളായിരുന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചനും ഞങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിച്ച ബഹു. കൊച്ചച്ചനും, ബഹു. ആനിമേറ്റർ സിസ്റ്ററിനും നന്ദി അറിയിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ മാതൃവേദി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**പറുദീസ സന്ദർശനം**

"പരിമിതമാമീ ലോകത്തിൽ
കടമകളെല്ലാ തീരുന്നേ

പരമ  പിതാവിൻ ചാരത്ത്
പുതിയൊരിടം ഞാൻ തേടുന്നേ".

ഈ ലോക ജീവിത യാത്ര അവസാനിച്ച് കടന്നുപോയ നമ്മുടെ പ്രിയപ്പെട്ടവരെ ഓർക്കുന്ന നവംബർ മാസത്തിലെ എല്ലാ വ്യാഴാഴ്ചകളിലും അമ്മമാർ സിമിത്തേരിയിലേക്കു വന്ന് അവിടെ വൃത്തിയാക്കുകയും പ്രാർഥിക്കുകയും വന്ന് അവിടെ വൃത്തിയാക്കുകയും പ്രാർഥിക്കുകയും ചെയ്തു. ഏകദേശം 50 ഓളം അമ്മമാർ മാറി മാറി ഓരോ ആഴ്ചകളിലായി കടന്നു വന്നു. എല്ലാ  അമ്മമാർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**ക്രിസ്തുമസ് ആഘോഷം 2023**

"മഞ്ഞുപെയ്യുന്ന രാവിൽ മാലാഖമാരുടെ സംഗീതം" നിറഞ്ഞു നിൽക്കുന്ന ഡിസംബർ മാസത്തിലെ ജനറൽ ബോഡി മീറ്റിംഗിൽ വച്ച് ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി കേക്ക് മുറിക്കുകയും കരോൾ ഗാനം പാടുകയും ചെയ്തു. ക്രിസ്തുമസ് പാപ്പയായി വന്ന് ഡാൻസ് കളിച്ച് അമ്മമാരെയെല്ലാം സന്തോഷിപ്പിച്ച സ്മിത മരിയ തോമസിന് എല്ലാ അമ്മമാരുടെയും പേരിൽ നന്ദി പറയുന്നു. 109 അമ്മമാർ മീറ്റിംഗിൽ പങ്കെടുത്തു. എല്ലാവർക്കും കേക്ക് വിതരണം ചെയ്തു. സന്തോഷം പങ്കുവച്ചു.

**ക്രിസ്തുമസ് ഫ്രണ്ട്**

പരസ്പരം സമ്മാനങ്ങൾ കൈമാറാനും ബന്ധങ്ങൾ പുതുക്കാനും ഉള്ള അവസരമായ ക്രിസ്മസിന് ഡിസംബർ മാസത്തിലെ ജനറൽ ബോഡി മീറ്റിംഗിൽ വെച്ച്  ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. ക്രിസ്തുമസ് ദിനത്തിൽ എല്ലാവരും  സമ്മാനങ്ങൾ പരസ്പരം കൈമാറി.

**രൂപത ബൈബിൾ കൺവെൻഷൻ**

രൂപത ബൈബിൾ കൺവെൻഷനോടനുബന്ധിച്ചു നടന്ന മദ്ധ്യസ്ഥ പ്രാർഥനയിൽ അമ്മമാർ സജീവമായ പങ്കുവഹിച്ചു. വാളണ്ടിയേഴ്സ് ആയി പോവുകയും എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുകയും ചെയ്തു. സഹകരിച്ച എല്ലാ അമ്മമാർക്കും നന്ദി പറയുന്നു.

**ഗോവയാത്ര**

നവംബർ 19-ാം തിയതി മാതൃവേദിയുടെ നേതൃത്വത്തിൽ 72 അമ്മമാർ ബഹു വികാരിയച്ചനോടൊപ്പം ഒരു പിക്നിക് നടത്തി. 21-ാം തിയതി തിരിച്ചെത്തി. അമ്മമാരുടെ മനസ്സിലെ വിമാനയാത്രയെന്ന സ്വപ്നവും ഗോവ ടൂറും യാഥാർത്ഥ്യമാക്കിയ ബഹു. വികാരിയച്ചന് എല്ലാ അമ്മമാരുടെയും പേരിൽ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ

പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറയുന്നു. പ്രത്യേകിച്ച് ഈ യാത്രയിൽ പങ്കെടുത്തവർക്കും നന്ദി അറിയിക്കുന്നു.

**2024 തിരുനാൾ അലങ്കാരം**

തിരുനാളിനോടനുബന്ധിച്ച് ദേവാലയത്തിന്റെ ഉള്ളിലെ അലങ്കാരം മാതൃവേദിയുടെ നേതൃത്വത്തിൽ ആണ് നടത്തേണ്ടത്. എല്ലാ അമ്മമാരുടെയും സഹകരണം പ്രതിക്ഷിക്കുന്നു.

**തിരുനാൾ നേർച്ച**

മുൻ വർഷങ്ങളിലേതുപോലെ ഇടവക തിരുനാളിന്റെ നേർച്ച (ഉണ്ണിയപ്പം) ഈ വർഷവും മാതൃവേദി അംഗങ്ങളാണ് കൊടുക്കേണ്ടത്. ഇതിനെകുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാവരും സഹകരിക്കുമല്ലോ. പരിശുദ്ധ അമ്മ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**പുതുവർഷം 2024**

ഓരോ പുതുവത്സരവും പുതുസൃഷ്ടിയായി മാറാൻ ദൈവം തരുന്ന അവസരങ്ങളാണ്. "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്". നമ്മുടെ സമൂഹത്തിലും വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും സംരക്ഷണത്തിന്റെയും സ്നേഹത്തിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും ഉപ്പായി നാം മാറണം. ഈവർഷം നമ്മുടെ ജീവിതം ഒരിക്കലും അണയാത്ത തിരിനാളങ്ങളായി, മറ്റുള്ളവരെ വഴികാട്ടുന്ന വഴി വിളക്കായ് നമ്മുടെ വിശ്വാസം. കത്തി ജ്വലിക്കട്ടെ എല്ലാ അമ്മമാർക്കും പുതുവത്സരാംസകൾ നേരുന്നു.

**ജനറൽ ബോഡി മീറ്റിംഗിലെ മാറ്റം**

ജനുവരി മാസം മുതൽ ജനറൽബോഡി മീറ്റിംഗ് ആദ്യത്തെ ആഴ്ച ആയിരിക്കും. ഈ മാറ്റം എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**പ്രാർത്ഥനായജ്ഞം**

ഇടവകയുടെ നന്മക്കുവേണ്ടിയുള്ള പൊതു ആവശ്യങ്ങൾ തിരിച്ചറിയാനും അതു മനസ്സിലാക്കാനും വേണ്ട ദൈവിക ജ്ഞാനം ലഭിക്കാനും പരിശുദ്ധാത്മാവിന്റെ കൃപ ഇടവകയിലും, ഇടവകയിലെ വൈദികരിലും, സിസ്റ്റേഴ്സിലും, ഇടവക ജനത്തിലും നിറഞ്ഞ് പരിശുദ്ധാത്മാവിനാൽ നയിക്കപെടുന്നതിനു വേണ്ടി നമുക്കു പ്രാർഥിക്കാം. അമ്മമാരെയാണല്ലോ ഈ ഉത്തരവാദിത്വം ബഹു. വികാരിയച്ചൻ ഏൽപ്പിച്ചിരിക്കുന്നത്. ആഴ്ചയിൽ ഒരു ദിവസം അരമണിക്കൂറെങ്കിലും ദിവ്യകാരുണ്യ സന്നിധിയിൽ വന്ന് പ്രാർഥിക്കുവാൻ ഉള്ള ഒരു പരിശ്രമം അമ്മമാരുടെ ഭാഗത്തുനിന്നുണ്ടാകണം. എല്ലാ അമ്മമാരും ഈ പ്രാർഥനയജ്ഞത്തിൽ പങ്കാളികളാകാൻ പരിശ്രമിക്കണമേ.

## Prathinithi Yogam 05.11.2023





## Marian Group Song Competition- Lourdes Forane Church, Gandhipuram bagged Second Place



## Pithuruvedhi Goa Trip dt 12.11.2023



## Mathuruvedi Goa Trip dt 19.11.2023





## SMYM tour to Vagamon & Varkala dt 04.11.2023





## Carol 2023 Christmas Carols Competition. Our LFC Won Third Place dt 03.12.2023





## സിമിത്തേരി ക്ലീനിംങ്ങ് – Mathuruvedi













# Best Speaker Awards

## Carlo Fest Football Match Our SMYM Bagged Second Place dt 09.12.2023





## Angel Wings Choir Visited Zion Illam Jothipuram on 17.12.2023



**As part of Faith Training, the Children of Classes 10th, 11th & +12 Visited Assisi Snehalaya, Ettimadai**





**Our Vicar Laid the Foundation stone of the New House for our Parishioner dt 26.11.2023**



**Smym Visited St. Joseph Old Age Home on 17.12.2023**





# Catechism dept Christmas celebration on 24.12.2023









Burning old man on New year's eve




**Shaju A George**
Director - Business Development
Mob: +91 9003364414

ALERT SECURITY MART

**ALERT SECURITY MART**

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej | CP PLUS Intelligent Security Systems | alhua TECHNOLOGY | HIKVISION | Ravel Reliability at reach | DSC
SIEMENS | ERREKA | Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION






# Christmas Eve Mass



## Lourde Voice Christmas Crib competition


1st Place, Mr. Geo A.V


2nd Place Mr. Shaju E.E


3rd Place Ms Joviya T.J

## Our Church Christmas Crib created by St. Joseph Unit








NITYARA

Celebration Diamond Jewellery

by

JOS ALUKKAS

A TRADITION OF FINE JEWELLERY

COIMBATORE: 100 FEET ROAD. PH: 0422-2491916


Eden Boutique
We make your big day more beautiful...
Specialist on all kinds of bridal bouquets,
Welcome bouquets, Net and satin garlands,
Holy communion candles ,tiara ,veil and pocket broches,
Baptism sets, bride's Maids/flower girls bouquets and wreaths.
Owner : Sowmya
Whatsapp/call for orders
9994448097

BHAARATH ™

*Lion D. JOHNSON., ITES (DIP)*
*Cell : 98430 - 18011*
*Shop : 95853 - 33778*

# BHAARATH ELECTRICAL INDUSTRY



78, New Scheme Road, P.N. Palayam,
Coimbatore - 641 037









# Dr. Manasa's Dental Care

Tooth Extraction
Tooth Cleaning
Root Canal Treatment
Complete Denture
Braces Treatment
Implant Placement
Wisdom Tooth Removal
Fixed Tooth Placement
Gum Treatment

84, Matha Illam,
Thirunavkarsu Street,
Rathinapuri,
Coimbatore - 641 027

+91 81909 02024

drmanasadentalcare@gmail.com

Consulting time
10.00 am to 9.00 pm
Sunday Holiday



Managing director
G. Yesudas

Director
Denin Antony yesudas

# Family Fun Stay

**Corniche Inn Resorts**
*Enjoy Your Stay*



Campfire · Swimming Pools · The Table Restaurant · Nature walk · Coffee Kudil

Resort : 11/10, jambukandy,Thadagam Road,
Anaikatti, Coimbatore - 08.

**For Contact :**

- +91 97866 91901,2,3,4,5,6,7
- info@pearlscorniche.com
- www.pearlscorniche.com


17th Death Anniversary
06.01.2024
AWAY, BUT STILL WITH US!
P.K CHACKO
Vadakathotil House
Jose Cottage, 609 Six Corner
Tatabad Coimbatore - 12
Tribute of Love from
P.C James- Gracy James, P.C Thomas-Shaji Thomas,
P.C George- Sheeba George & Grand Childrens


M.L. ANTONY
9092445540
8754181009
AMARON
A.J.B Marketing
*All Types of Battery *UPS Battery * Invertors
EXIDE XPLORE
No. 12/1, Udayampalayam Main Road, Ganapathy,
Coimbatore - 641 049. E-mail :ajbmktg@gamil.com
GSTIN : 33BHRPB2589Q1ZM
AMARON
LASTS LONG, REALLY LONG.
EXIDE
SF BATTERIES



